പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.803 — 11-06-2014 - ൽ മറുപടിയ്ക്ക്

## എടച്ചാക്കൈ അണക്കെട്ട് റിനോവേഷൻ

**ചോദ്യം**

ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ എടച്ചാക്കൈ അണക്കെട്ട് റിനോവേഷനുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് തയ്യാറാക്കി നിരവധി തവണ ടെണ്ടർ ചെയ്തിട്ടും എഗ്രിമെന്റ് വച്ച് പണി ആരംഭിക്കാൻ കഴിയാതെ വരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത അണക്കെട്ട് പുതുക്കി പണിയാത്തതിനാൽ നിരവധി ഏക്കർ നെൽകൃഷി നശിക്കുന്നതിനാൽ ഇക്കാര്യം അടിയന്തിരമായി പരിഗണിച്ച് അണക്കെട് പുതുക്കിപ്പണിയുവാൻ നടപടി സ്വീകരിക്കുമോ ?

**മറുപടി**

ശ്രീ. പി.ജെ.ജോസഫ്

(ജലവിഭവ വകുപ്പ് മന്ത്രി)

(എ) & (ബി) കാസർഗോഡ് ജില്ലയിലെ പടന്ന എടച്ചാക്കൈ അണക്കെട്ട് പുനരുദ്ധരിക്കുന്നതിനായി മിർപ പദ്ധതിയിൽ അംഗീകാരം ലഭിച്ചിരുന്നു. പ്രസ്തുത പണി 04/02/2010, 31/08/2010 എന്നീ തീയതികളിൽ ടെണ്ടർ ചെയ്തെങ്കിലും കരാറുകാർ 32%, 40% അധിക നിരക്കാണ് ക്വോട്ട് ചെയ്തത്. അധിക നിരക്കായതിനാൽ അനുമതി നൽകിയിരുന്നില്ല. 04/11/2011-ൽ 2010 നിരക്ക് പ്രകാരം ടെണ്ടർ ചെയ്തെങ്കിലും 66% അധിക നിരക്കാണ് കരാറുകാരൻ ക്വോട്ട് ചെയ്തത്. ഇതിൽ 29.7% അധിക നിരക്ക് അനുവദിച്ചെങ്കിലും കരാറുകാരൻ പണി ഏറ്റെടുക്കാൻ തയ്യാറായില്ല. നാലാമതായി വീണ്ടും ടെണ്ടർ ചെയ്തെങ്കിലും പണി ഏറ്റെടുക്കാൻ കരാറുകാർ ആരും വന്നില്ല.

പ്രസ്തുത അണക്കെട്ടിന്റെ ഇരുവശത്തും വെള്ളത്തിന്റെ ആധിക്യം ഉള്ളതിനാൽ വെള്ളം പമ്പ് ചെയ്ത് പ്രവൃത്തി ഏറ്റെടുക്കുവാനുള്ള പരിചിതരായ പണിക്കാരെ ലഭിക്കാത്തതും, ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുള്ള പ്രവൃത്തി ആയതിനാലും, അധിക നിരക്ക് അനുവദിക്കാത്തതുകൊണ്ടുമാണ് പ്രവൃത്തി നടക്കാതെ പോയത്. ഇക്കാര്യത്തിൽ തുടർന്നും നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.